(സി) ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി വെള്ളെഴുത്ത് ബാധിച്ചവർക്ക് വെള്ളെഴുത്ത് കണ്ണടയും സ്കൂൾ കുട്ടികളിൽ (പത്താം തരം വരെ) കാഴ്ച വൈകല്യം ബാധിച്ചവർക്ക് ആവശ്യമായ കണ്ണടയും സൗജന്യമായി വിതരണം ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്.

ആരോഗ്യ പരിശോധന നടത്താതെയുള്ള മാംസ വിൽപ്പന

28 (693) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടു വരുന്ന കോഴി, ആട്, മാടുകൾ എന്നിവ വേണ്ടത്ര ആരോഗ്യ പരിശോധന നടത്താതെയാണ് സംസ്ഥാനത്ത് മാംസമാക്കി വിൽക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം മാംസം ഭക്ഷിക്കുന്ന ആളുകൾക്ക് പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുകയും കുറ്റം ചെയ്തവർക്ക് കർശന ശിക്ഷ നടപ്പാക്കുകയും ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

(സി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് നിലവിൽ ഭക്ഷ്യസുരക്ഷാവകുപ്പിന് സ്ഥിരം സംവിധാനങ്ങളില്ല. അനധികൃത അറവുശാല സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഗൗരവമായി കണ്ട് തുടർനടപടി സ്വീകരിക്കാറുണ്ട്. എന്നാൽ സംസ്ഥാനത്ത് ശാസ്ത്രീയ അറവുശാലകളുടെ ദൗർലഭ്യം ഇത് സംബന്ധിച്ച് കർശന നടപടികൾക്ക്. വിഘാതം സൃഷ്ടിക്കുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മുകളിൽ ശ്രദ്ധയിൽ വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly